(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ പരിശീലനം ലഭിച്ച എത്ര പേരെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരായി പ്രൊമോട്ട് ചെയ്തിട്ടുണ്ടെന്ന് പറയാമോ ;

(സി) ഇത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിൽ 155 ജൂനിയർ സഹകരണ സംഘം ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഒഴിവുണ്ട്.

(ബി) പരിശീലനം ലഭിച്ച 16 പേരെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരായി പ്രൊമോട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിലേക്ക് നിയമാനുസരണമുള്ള ഒഴിവുകൾ ഇതിനകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നടത്തിവരുന്ന കോഴ്സുകൾ

97 (1296) ശ്രീ. ഡി. സുഗതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി മന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ ഏതെല്ലാം കോഴ്സുകൾ നിലവിൽ നടത്തി വരുന്നുണ്ട് ;

(ബി) പ്രസ്തുത കോളേജിൽ നടത്തുന്ന കോഴ്സുകൾക്ക് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെയും മറ്റ് ബന്ധപ്പെട്ട കൗൺസിലുകളുടെയും അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് സ്ഥിര അംഗീകാരമാണോ അതോ താൽക്കാലിക അംഗീകാരമാണോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എം.ബി.ബി.എസ്., ബി.എസ്.സി. (നഴ്സിംഗ്), ജനറൽ നഴ്സിംഗ് എന്നീ കോഴ്സുകൾ നടത്തി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എം. ബി. ബി. എസ്. കോഴ്സിനു ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവും നഴ്സിംഗ് കോളേജിന് നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരവും, നഴ്സിംഗ് സ്ക്കൂളിനു കേരള സർക്കാരിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

(സി) എം.ബി.ബി.എസ്.-ന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ സ്ഥിരാംഗീകാരം ലഭിച്ചിട്ടുണ്ട്. നഴ്സിംഗ് കോഴ്സിന് താൽക്കാലിക അംഗീകാരം ലഭിക്കുകയും, നഴ്സിംഗ് സ്ക്കൂളിന് സ്ഥിരാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഭവന വായ്പാ ചട്ടങ്ങൾക്ക് വിരുദ്ധമായി വായ്പ അനുവദിക്കുന്ന നടപടി

98 (1297) ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിലെ സ്ഥിരം ജീവനക്കാർക്ക് ആദ്യം വീട് നിർമ്മിക്കുന്നതിനും പിന്നീട് 5 വർഷം കഴിഞ്ഞ് പ്രസ്തുത വീടിന്റെ മെച്ചപ്പെടുത്തലിനും പരമാവധി പലിശയായ 9 ശതമാനം ഈടാക്കി ഭവന വായ്പ നൽകുന്നത് സഹകരണ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകളനുസരിച്ചാണോ ; എങ്കിൽ ടി വായ്പയുടെ പരിധി, പലിശ നിരക്ക് എന്നിവ വ്യക്തമാക്കുമോ ;

(ബി) ബാങ്കിന്റെ നിലവിലുള്ള വായ്പാ ചട്ടമനുസരിച്ച് ഏതെങ്കിലും ഒരു ജീവനക്കാരന് ആദ്യം എടുത്ത ഭവന വായ്പ മുഴുവനും തിരിച്ചടച്ച് ബാങ്കിന്റെ മുൻകൂർ അനുവാദത്തോടെ നിലവിലുള്ള വീടും സ്ഥലവും വിറ്റതിനുശേഷം രണ്ടാമത് വീണ്ടും പുതിയ വീട് നിർമ്മിക്കുന്നതിന് ഉയർന്ന പലിശയോടെയും വിവിധ ജീവനക്കാർക്ക് വ്യത്യസ്ത നിരക്കിലും ഭവന വായ്പ അനുവദിക്കാൻ ബാങ്കിന്റെ ഭരണ സമിതിയെ അധികാരപ്പെടുത്തുന്ന വ്യവസ്ഥയുണ്ടോ ;

(സി) പ്രസ്തുത രീതിയിലുള്ള വ്യവസ്ഥ നിലവിലില്ലെങ്കിൽ ഭരണ സമതിയുടെ 548-ാം നമ്പരായി 9-3-1990-ൽ ശ്രീ. റ്റി. റ്റി. ജോസഫിന് അംഗീകൃത പലിശ നിരക്കിലും തുടർന്ന് ജീവനക്കാർക്ക് വിവിധ നിരക്കിലും 1996-ൽ ശ്രീ. എ. ശങ്കരനാരായണന് 14 ശതമാനം പലിശ ഈടാക്കിയും ഭവന വായ്പ അനുവദിച്ചിട്ടുണ്ടോ എന്നും എത്ര ജീവനക്കാർക്ക് നിലവിലുള്ള വീട് വിറ്റതിനു ശേഷം രണ്ടാമത് വീണ്ടും പുതിയ ഭവന വായ്പ അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ ഉദ്ദേശം, പരിധി, പലിശ നിരക്ക് എന്നിവയും വിശദമാക്കുമോ ;

(U n) _ m+ nsâ `cW k an¨n v\ne h n e p Å h n b ÿ m N « w VII(8) പ്രകാരം സഹകരണ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ച് മാത്രമേ വായ്പ അനുവദിക്കാൻ അധികാരം നൽകിയിട്ടുള്ളൂ എന്നതിനാൽ വ്യവസ്ഥകൾ ഇല്ലാതെയും ഉയർന്ന പലിശയോടെയും 1989 മുതൽ ഭരണ സമിതി പത്തോളം വായ്പകൾ അനുവദിച്ചിട്ടുള്ളത് ചട്ടം VII(10) അനുസരിച്ച് നിയമാനുസൃതമാക്കുന്നതിന് ബാങ്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപടി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly